ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ടോയ്‌ലറ്റ് സൗകര്യംകൂടി ഉൾപ്പെടുത്തിക്കൊണ്ട് സമർപ്പിക്കുന്ന പ്ലാനുകൾക്കാണ് അനുമതി നൽകിവരുന്നത് എന്നതിനാൽ പ്രത്യേക നിർദ്ദേശത്തിന്റെ ആവശ്യം ഉദിക്കുന്നില്ല.

(ഡി) പ്രധാന കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കംഫർട്ട് സ്റ്റേഷൻ നടത്തിവരുന്നുണ്ട്. നിലവിലുള്ളവ അപര്യാപ്തമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ കൂടുതൽ സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകുന്നതാണ്. ഇത് ക്ലീൻ കേരള മിഷന്റെ പരിഗണനയിലാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്ക് നിയോഗിച്ച ഡീലിമിറ്റേഷൻ കമ്മീഷൻ

83 [3134] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി നിയമിച്ച ഡീലിമിറ്റേഷൻ കമ്മീഷന്റെ ഘടന എന്താണ്;

(ബി) പ്രസ്തുത കമ്മീഷനിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത കമ്മീഷന്റെ അദ്ധ്യക്ഷ സ്ഥാനത്ത് ജുഡീഷ്യൽ ഓഫീസർമാരെ നിയമിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) ഈ കമ്മീഷന്റെ കാലപരിധി എത്രയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തെരഞ്ഞെടുപ്പ് കമ്മീഷനെ ചെയർമാനായും ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നാലു ഉദ്യോഗസ്ഥരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടാണ് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ് സെക്രട്ടറി ഡീലിമിറ്റേഷൻ കമ്മീഷന്റെ മെമ്പറും, കൺവീനറും ആയിരിക്കുന്നതുമാണ്.

(ബി) പഞ്ചായത്തുകളെ നിയോജകമണ്ഡലങ്ങളായും മുനിസിപ്പാലിറ്റികളെ വാർഡുകളായും വിഭജിക്കുന്നതിനും അവയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനും ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടിയാണ് പ്രസ്തുത കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ഉണ്ടായിരുന്ന ഏതാനും ചില ചുമതലകളാണ് ഡീലിമിറ്റേഷൻ കമ്മീഷന് നൽകിയത്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചെയർമാൻ തന്നെയാണ് ഡീലിമിറ്റേഷൻ കമ്മീഷന്റെ ചെയർമാൻ. ആയതിനാൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല.

(ഡി) കാലപരിധി ഇപ്പോൾ നിശ്ചയിച്ചിട്ടില്ല.

അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കാൻ നടപടി

84 [3135] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷബാധമൂലം 2001 ജനുവരി 1 മുതൽ 2004 ഡിസംബർ 31 വരെ എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നറിയിക്കാമോ;

(ഡി) അത്തരം പട്ടികളെ നശിപ്പിക്കാൻ പാടില്ലായെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 152 പേർ.

(ബി—ഡി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 438-ാം വകുപ്പ് പ്രകാരവും 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടം 6 പ്രകാരവും അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ പിടിച്ചുനശിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് തന്നെ നടപടി സ്വീകരിക്കാവുന്നതാണ്. ഇത് ടി സെക്രട്ടറിമാരുടെ അനിവാര്യ ചുമതലയുമാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുന്നതി നുപകരം അനിമൽ ബർത്ത് കൺട്രോൾ പദ്ധതി സംസ്ഥാനത്ത് വ്യാപകമായും ഫലപ്രദമായും നടപ്പിൽ വരുന്നതുവരെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പഞ്ചായത്ത്രാജ്/ മുനിസിപ്പൽ ആക്ട് പ്രകാരമുള്ള അധികാരമുപയോഗിച്ച് അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചുനശിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാർ 3-7-2002-ൽ നിർദ്ദേശം നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly